بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# Khutba Khulasa 29.01.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ) - ഭാഗം(2)

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَ أَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَ رَسُوْلُهُ۔ أَمَّا بَعْدُ

فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ اَلرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ إِيَّاكَ نَعْبُدُ وَ إِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۝ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു:

ഹദ്റത്ത് ഉസ്മാൻ(റ) യുദ്ധങ്ങളിൽ പങ്കെടുത്തതിനെ സംബന്ധിച്ചുള്ള വിവരണമാണ് നടത്തുന്നത്. ഹദ്റത്ത് ഉസ്മാന് ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല, കാരണം അദ്ദേഹത്തിന്റെ പത്നി ഹദ്റത്ത് റുഖയ്യ ബിൻത് റസൂൽ(സ) കഠിനരോഗിണിയായിരുന്നു. അതുകൊണ്ട് തിരുനബി(സ), അവരുടെ ശുശ്രൂഷകൾ ചെയ്ത് മദീനയിൽ തന്നെ തങ്ങാൻ അദ്ദേഹത്തോട് നിർദേശിച്ചിരുന്നു. അദ്ദേഹത്തെ ബദ്റിൽ പങ്കെടുത്തവരെപ്പോലെ തന്നെ ഗണിക്കുകയും ചെയ്തു. അതുകൊണ്ട് തന്നെ തിരുനബി(സ), ബദ്റിൽ പങ്കെടുത്തവർക്കുള്ളതുപോലെ തന്നെ സമരാർജിത സ്വത്തിലും പ്രതിഫലത്തിലും അദ്ദേഹത്തിനും ഭാഗം നിശ്ചയിക്കുകയുണ്ടായി.

ഗത്ഫാൻ യുദ്ധം ഹിജ്‌രി 3-ാം വർഷത്തിലാണ് ഉണ്ടായത്.ഗത്ഫാൻ യുദ്ധത്തിനുവേണ്ടി നജ്ദ് പ്രദേശത്തേക്ക് പുറപ്പെട്ടപ്പോൾ തിരുനബി(സ) ഹദ്റത്ത് ഉസ്മാനെ മദീനയിലെ അമീർ ആയി നിശ്ചയിച്ചു. അതുകൊണ്ട് ഈ യുദ്ധത്തിലും അദ്ദേഹത്തിന് പങ്കെടുക്കാൻ കഴിഞ്ഞില്ല. ഈ യുദ്ധത്തിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് വിവരിക്കുന്നു: ബനൂ ഗത്ഫാനിലെ ചില ഗോത്രങ്ങൾ അതായത് ബനൂ സഅലബ, ബനൂ മുഹാരിബ് എന്നിവയിലെ ആളുകൾ അവരുടെ ഒരു പ്രസിദ്ധനായ യുദ്ധനിപുണന്റെ ആഹ്വാനത്താൽ മദീനയെ പൊടുന്നനെ ആക്രമിക്കുന്നതിനുള്ള ഉദ്ദേശ്യവുമായി നജ്ദിലെ ദീ അമർ എന്ന സ്ഥലത്ത് ഒരുമിച്ച് കൂടാൻ തുടങ്ങി. എന്നാൽ തിരുനബി(സ) 450 പേരടങ്ങുന്ന സ്വഹാബാക്കളുടെ ഒരു സംഘത്തെ കൂടെ കൂട്ടി മദീനയിൽ നിന്ന് പുറപ്പെടുകയും ദ്രുതഗതിയിൽ ദീഅമർ എന്ന സ്ഥലത്തിനടുത്ത് എത്തുകയും ചെയ്തു. ശത്രുക്കൾക്ക് തിരുനബി(സ)ന്റെ വരവിനെ കുറിച്ച് അറിവ് ലഭിച്ചപ്പോൾ അവർ ഉടൻതന്നെ അടുത്തുള്ള കുന്നുകളിൽ കയറി തങ്ങളെ സുരക്ഷിതരാക്കി. അങ്ങനെ മുസ്‌ലിംകൾ ദീഅമറിൽ എത്തിയപ്പോൾ യുദ്ധമൈതാനം കാലിയായിരുന്നു. തുടർന്ന് തിരുനബി(സ)ന് സൈന്യത്തോട് മടങ്ങാൻ കല്പിക്കേണ്ടിവന്നു.

ഉഹദ് യുദ്ധം ഹിജ്‌റ 3 ൽ ശവ്വാൽ മാസത്തിലാണ് ഉണ്ടായത്. ഹദ്റത്ത് ഉസ്മാൻ ഉഹദ് യുദ്ധത്തിൽ പങ്കെടുത്തിരുന്നു. യുദ്ധത്തിനിടയിൽ സ്വഹാബാക്കളുടെ ഒരു സംഘം, പെട്ടെന്നുള്ള ആക്രമണവും തിരുനബി(സ) ശഹീദായെന്ന വാർത്തയും കേട്ട് യുദ്ധരംഗത്ത് നിന്ന് ചിതറിയിരുന്നു.

മുഹമ്മദ്(സ)ന്റെ രക്തസാക്ഷിത്വത്തിന്റെ വാർത്തയോടുകൂടി മുസ്‌ലിംകളുടെ ഉണ്ടായിരുന്ന വീര്യവും ചോരാൻ തുടങ്ങി. അവരുടെ സംഘബലം ഛിന്നഭിന്നമായി. അപ്പോൾ മുസ്‌ലിംകൾ മൂന്നു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ഒരുകൂട്ടർ തിരുനബി(സ) ശഹീദായെന്ന് കേട്ട് യുദ്ധരംഗത്തുനിന്ന് ഓടിപോയവർ. പക്ഷേ ഇവർ ഏറ്റവും ചെറിയ സംഘമായിരുന്നു. ഇക്കൂട്ടരിൽ ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാനും ഉണ്ടായിരുന്നു. എന്നാൽ വിശുദ്ധ ഖുർആനിൽ പറഞ്ഞത് പോലെ ആ സമയത്തെ പ്രത്യേക അവസ്ഥയും അവരുടെ ഹൃദയത്തിലെ ഈമാനും ആത്മാർഥതയും പരിഗണിച്ചുകൊണ്ട് അല്ലാഹു അവർക്ക് മാപ്പു നല്കി. ഇനിയൊരു കൂട്ടർ, ഓടിപ്പോയില്ലെങ്കിൽ തന്നെയും തിരുനബി(സ) ശഹീദായെന്ന വാർത്ത കേട്ട് ഹതാശരായിരുന്നു. അല്ലെങ്കിൽ ഇനി യുദ്ധം തുടരുന്നത് അനാവശ്യമാണെന്ന് കരുതിയിരുന്നു.അങ്ങനെ അവർ രണാങ്കണത്തിൽ നിന്ന് ഒരു വശത്തേക്ക് മാറി മറഞ്ഞിരുന്നു. മൂന്നാമത്തെ വിഭാഗം തുടർച്ചയായി യുദ്ധം ചെയ്യുകയായിരുന്നു. അവരിൽ കുറച്ചു പേർ തിരുനബി(സ)ന്റെ ചുറ്റിലും തടിച്ചുകൂടിയിരുന്നു. അനുപമമായ ജീവത്യാഗത്തിന്റെ ഗുണവിശേഷം പ്രകടിപ്പിക്കുകയായിരുന്നു. ഭൂരിഭാഗം പേരും യുദ്ധമൈതാനത്ത് ചിതറിപ്പിരിഞ്ഞ നിലയിൽ പോരടിക്കുകയായിരുന്നു.

ഏതായിരുന്നാലും പറഞ്ഞുവരുന്നത്, ഹദ്റത്ത് ഉസ്മാൻ നിരാശനായി. അല്ലെങ്കിൽ എന്തോ കാരണത്താൽ തിരുനബി(സ) ശഹീദായെന്ന വാർത്ത കേട്ട് അവിടെനിന്ന് പോയിട്ടുണ്ടായിരുന്നു. അങ്ങനെയങ്ങ് നിരാശനായി മാറി നിന്നവരുടെ കൂട്ടത്തിൽ ഹദ്റത്ത് ഉമർ(റ)നെ കുറിച്ചും വന്നിട്ടുണ്ട്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇനി ഞാൻ ഹുദയ്ബിയാ സന്ധിയിൽ പ്രതിനിധാനം ചെയ്തതിലും ബയ്അത്തെ റിള്വാനിലും ഹദ്റത്ത് ഉസ്മാന്റെ പങ്കും അദ്ദേഹവുമായി ബന്ധമുള്ള സംഭവങ്ങളും പറയാം.

തിരുനബി(സ),താനും തന്റെ സ്വഹാബാക്കളും തല മുണ്ഡനം ചെയ്തു, മുടി ചെറുതാക്കി സമാധാനപൂർവ്വം ബയ്ത്തുല്ലാഹിൽ പ്രവേശിക്കുന്നതായി സ്വപ്നം കണ്ടിരുന്നു. ഈ സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ തിരുനബി(സ) ഹിജിരി 6-ാം വർഷം ദുൽഖഅദ: മാസത്തിൽ തന്റെ 1400 സ്വഹാബാക്കളുമായി ഉംറ ചെയ്യാൻ മദീനയിൽ നിന്ന് പുറപ്പെട്ടു. ഹുദൈബിയ എന്ന സ്ഥലത്ത് തമ്പടിച്ചു. ഖുറയ്ശികൾ തിരുനബി(സ)നെ ഉംറ ചെയ്യുന്നതിൽനിന്ന് വിലക്കി. ഇരുകൂട്ടർക്കുമിടയിൽ പ്രതിനിധികൾ തമ്മിലുള്ള സംഭാഷണം ആരംഭിച്ചു. തിരുനബി(സ) മക്കയിലുള്ള തീവ്രമായ അവസ്ഥയെക്കുറിച്ച് കേട്ടപ്പോൾ പറഞ്ഞു: മക്കാവാസിയായ ഖുറയ്ശികളിലെ ഉന്നതകുടുംബത്തിൽപ്പെട്ട മക്കയിൽ സ്വാധീനമുള്ള ആരെയെ

ങ്കിലും അയക്കണം. അങ്ങനെ ഇതിനുവേണ്ടി ഹദ്റത്ത് ഉസ്മാൻ(റ)നെയാണ് അയച്ചത്.

ഹുസൂർ തിരുമനസ്സ് ഈ സംഭവത്തിന്റെ വിശദാംശങ്ങൾ വിവരിച്ച് കൊണ്ട് പറയുന്നു: ഖുറയ്ശികൾക്കിടയിൽ ആ സമയത്ത് ശക്തമായ ഒരു ഭിന്നിപ്പിന്റെ അവസ്ഥ ഉണ്ടായിക്കൊണ്ടിരിക്കുകയായിരുന്നു. ജനങ്ങൾ രണ്ട് പക്ഷമായി കഴിഞ്ഞിരുന്നു. ഒരു കൂട്ടർ എന്തുതന്നെയായാലും മുസ്ലിംകളെ തിരിച്ചയക്കാൻ ശാഠ്യം പിടിക്കുകയാണ്. അവർ പോരടിക്കാനുള്ള ചിന്താഗതിയിൽ ശക്തമായി ഉറച്ചുനിൽക്കുകയുമാണ്. രണ്ടാമത്തെ കൂട്ടർ, ഇത് തങ്ങളുടെ പൗരാണിക മത സമ്പ്രദായത്തിന് വിരുദ്ധമാണെന്ന് കണ്ടു ഭയപ്പെടുകയും എന്തെങ്കിലും മാന്യമായ ഉടമ്പടി ആഗ്രഹിക്കുകയുമായിരുന്നു. അതുകൊണ്ട് കാര്യം തീരുമാനമാകുന്നുണ്ടായിരുന്നില്ല. മാത്രമല്ല മക്കയിലെ ഖുറയ്ശികൾ ആവേശത്തിൽ അന്ധരായിട്ടുണ്ടായിരുന്നു. അതുകൊണ്ട് തിരുനബി(സ)ഉം മക്കയുടെ ഇത്രയും അടുത്ത്, മദീനയിൽ നിന്ന് ഒരുപാട് ദൂരെ എത്തിയ സ്ഥിതിക്ക് അവരെ ആക്രമിച്ച് സാധ്യമാകുന്നത്ര നഷ്ടം ഉണ്ടാക്കാനും ആഗ്രഹിച്ചിരുന്നു. അങ്ങനെ അവർ ഈ ഉദ്ദേശ്യത്തോടെ 40-50 പേരടങ്ങുന്ന ഒരു സംഘത്തെ ഹുദയ്ബിയയിലേക്ക് അയച്ചു. പരസ്പരമുള്ള സംസാരത്തിന്റെ മറവിൽ ഇസ്ലാമിക ക്യാമ്പിന് ചുറ്റും കറങ്ങാനും അവസരം കിട്ടുമ്പോൾ തഞ്ചത്തിൽ മുസ്ലിംകൾക്ക് നഷ്ടമുണ്ടാക്കാനും നിർദ്ദേശം നൽകിയിരുന്നു. അവസരം കിട്ടിയാൽ തിരുനബി(സ)നെ വധിക്കാനും ഖുറയ്ശികൾ ഗൂഢാലോചന ചെയ്തിരുന്നുവെന്നും പറയപ്പെടുന്നു. ഏതായിരുന്നാലും മുസ്ലിംകൾ തങ്ങളുടെ സ്ഥാനത്ത് ജാഗ്രവത്തായിരുന്നു. അങ്ങനെ ഖുറയ്ശികളുടെ പദ്ധതി വെളിപ്പെടുകയും ഇവരെല്ലാം ബന്ധനസ്ഥരാക്കപ്പെടുകയും ചെയ്തു.

ഏതായിരുന്നാലും നമുക്ക് ഈ എല്ലാ അവസ്ഥയിലും പശ്ചാത്തലത്തിലും തിരുനബി(സ)ന്റെ തുടർച്ചയായ സഹനവും ആത്മവിശ്വാസവും സമാധാന ശ്രമങ്ങളും കാണാം. അത് അതിന്റെ പാരമ്യതയിൽ എത്തിയിരുന്നു. ഈ സഹനത്തിനും സമാധാന ശ്രമത്തിനും തത്തുല്യമായത് ചരിത്രത്തിൽ കാണാൻ സാധ്യമല്ല. തിരുനബി(സ) സമാധാനന്തരീക്ഷം ഉണ്ടാകാനുള്ള നിരന്തര ശ്രമത്തിലായിരുന്നു. തിരുനബി(സ) ശ്രമം ഉപേക്ഷിച്ചില്ല. മറിച്ച് ഹദ്റത്ത് ഉമർ ബിൻ ഖത്താബിനോട് പറഞ്ഞു: താങ്കൾ മക്കയിൽ പോകുന്നത് ഉചിതമായിരിക്കും. മുസ്ലിംകളുടെ പ്രാതിനിധ്യം വഹിക്കുക. ഹദ്റത്ത് ഉമർ പറഞ്ഞു: യാ റസൂലല്ലാഹ്! ഈ സേവനത്തിന് ഉസ്മാൻ ബിൻ അഫ്ഫാനെ തിരഞ്ഞെടുക്കുകയാണ് ഉചിതം. അദ്ദേഹത്തിന്റെ ഗോത്രമായ ബനൂ ഉമയ്യ ഇപ്പോൾ വളരെ സ്വാധീനമുള്ളവരാണ്. മക്കക്കാർ ഉസ്മാനെതിരിൽ ദ്രോഹം ചെയ്യാൻ ധൈര്യപ്പെടുകയില്ല. ഹദ്റത്ത് ഉസ്മാനെ അയക്കുകയാണെങ്കിൽ വിജയത്തിന് കൂടുതൽ പ്രതീക്ഷയുണ്ട്. തിരുനബി(സ) ഈ അഭിപ്രായം ഇഷ്ടപ്പെട്ടു. ഹദ്റത്ത് ഉസ്മാനോട് പറഞ്ഞു: മക്കയിൽ പോയി ഖുറൈശികൾക്ക് മുസ്ലിംകളുടെ സമാധാന തല്പരതയെയും ഉംറ ചെയ്യാനുള്ള ഉദ്ദേശ്യ ത്തേയും പറ്റി ബോധ്യപ്പെടുത്തുക. തിരുനബി(സ) ഉസ്മാന്റെ കയ്യിൽ ഖുറയ്ശി മൂപ്പന്മാരുടെ പേരിൽ ഒരു കത്തും എഴുതി നല്കിയിരുന്നു. ഈ കത്തിൽ തിരുനബി(സ), തന്റെ ആഗമനോദ്ദേശ്യവും വിവരിച്ചിരുന്നു. തങ്ങളുടെ ലക്ഷ്യം ഇബാദത്ത് ആണെന്നും സമാധാനപരമായി ഉംറ നിർവഹിച്ചു തിരിച്ചു പോകുമെന്നും എഴുതിയിരുന്നു. തിരുനബി(സ) ഹദ്റത്ത് ഉസ്മാനോട് പറഞ്ഞു: അവിടെ ദുർബലമായ മുസ്ലിംകളെയും കാണാൻ ശ്രമിക്കുകയും അവരുടെ ആത്മവിശ്വാസം വർധിപ്പിക്കുകയും വേണം, കുറച്ചുകൂടി സഹിക്കണമെന്നും അല്ലാഹു എത്രയും വേഗം തന്നെ വിജയ കവാടങ്ങൾ തുറന്നു തരുമെന്നും പറയുക. ഈ സന്ദേശവുമായി ഹദ്റത്ത് ഉസ്മാൻ മക്കയിലെത്തി. അവിടെ മക്കയിൽ ഉണ്ടായിരുന്ന വലിയ നേതാവും ഹദ്റത്ത് ഉസ്മാന്റെ അടുത്ത കുടുംബക്കാരനുമായ അബൂസുഫിയാനോടൊപ്പം മക്കക്കാർ സമ്മേളിച്ചിരുന്ന ഒരിടത്ത് എത്തി. ആ സമ്മേളനത്തിൽ ഹദ്റത്ത് ഉസ്മാൻ, തിരുനബി(സ) മക്കാ മൂപ്പന്മാരുടെ പേരിൽ തയ്യാറാക്കിയ കത്ത് സമർപ്പിച്ചു. പക്ഷേ ഇതൊക്കെയായിട്ടും മുസ്ലിംകൾ ഈ വർഷം മക്കയിൽ പ്രവേശിക്കുകയില്ല എന്ന വാശിയിൽ തന്നെ എല്ലാവരും നിലകൊണ്ടു. ഹദ്റത്ത് ഉസ്മാൻ കൂടെകൂടെ സമ്മർദ്ദം ചെലുത്തിയപ്പോൾ അവർ പറഞ്ഞു: നിങ്ങൾക്ക് അതിയായ ആഗ്രഹമുണ്ടെങ്കിൽ നിങ്ങൾക്ക് വ്യക്തിപരമായി ബയ്ത്തുല്ലാഹ് ത്വവാഫ് ചെയ്യാൻ അവസരം നല്കാം. അതിൽ കൂടുതൽ സാധ്യമല്ല. ഹദ്റത്ത് ഉസ്മാൻ പറഞ്ഞു: തിരുനബി(സ)നെ മക്കക്ക് പുറത്ത് തടയുകയും ഞാൻ ത്വവാഫ് ചെയ്യുകയുമോ? അതെങ്ങനെ സാധ്യമാകും? പക്ഷേ ഖുറയ്ശികൾ ഒരു നിലക്കും സമ്മതിക്കുന്നുണ്ടായിരുന്നില്ല. ഒടുവിൽ ഹദ്റത്ത് ഉസ്മാൻ നിരാശനായി തിരികെ വരാൻ തയ്യാറെടുക്കുകയായിരുന്നു. അതിനിടയിൽ ദ്രോഹികളായ മക്കക്കാർ, ഹദ്റത്ത് ഉസ്മാനേയും സംഘത്തേയും മക്കയിൽ തടഞ്ഞു. അതേ തുടർന്ന് മക്കക്കാർ ഹദ്റത്ത് ഉസ്മാനെ വധിച്ചുവെന്ന കിംവദന്തി മുസ്ലിംകൾക്കിടയിൽ പരന്നു.

ഹുദയ്ബിയയിൽ ഈ വാർത്ത എത്തിയപ്പോൾ മുസ്ലിംകൾ ഏറെ വികാര ഭരിതരായി. കാരണം ഉസ്മാൻ തിരുനബി(സ)ന്റെ ജാമാതാവും ഉന്നതനായ സ്വഹാബിവര്യനുമായിരുന്നു. മക്കയിലേക്ക് പ്രതിനിധി എന്ന നിലക്കാണ് പോയത്. തിരുനബി(സ) ഉടൻ തന്നെ എല്ലാ മുസ്ലിംകളേയും ബബൂൽ അതായത് കരുവേലി വൃക്ഷത്തിനു കീഴിൽ ഒരുമിച്ചു കൂട്ടി. സ്വഹാബാക്കൾ ഒരുമിച്ചു കൂടിയപ്പോൾ പറഞ്ഞു: ഈ വാർത്ത ശരിയാണെങ്കിൽ, അല്ലാഹുവാണ! ഉസ്മാന്റെ പകരം ചോദിക്കാതെ നമ്മൾ ഇവിടം വിട്ടു പോകുന്നതല്ല. തുടർന്ന് തിരുനബി(സ) സ്വഹാബാക്കളോട് പറഞ്ഞു: നിങ്ങൾ എന്റെ കൈകളിൽ കൈ വച്ചു കൊണ്ട് ഈ പ്രതിജ്ഞ എടുക്കുവിൻ! നിങ്ങളിൽ ആരും തന്നെ പിന്തിരിഞ്ഞോടുന്നതല്ല. തങ്ങളുടെ ജീവൻ കൊണ്ട് കളിച്ചാലും ഒരു കാരണവശാലും തങ്ങളുടെ സ്ഥലം ഒഴിവാക്കുന്നതല്ല. ഈ വിളംബരത്തിന് സ്വഹാബാക്കൾ എത്രമാത്രം ആവേശം കാണിച്ചവെന്നാൽ പരസ്പരം മേലെ വീഴാൻ തുടങ്ങി. ബയ്അത്ത് നടക്കുമ്പോൾ തിരുനബി(സ) തന്റെ ഇടത് കരം, വലതു കൈയ്യിൽ വെച്ചുകൊണ്ടു പറഞ്ഞു: ഇത് ഉസ്മാന്റെ കയ്യാകുന്നു. അദ്ദേഹം ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ ഈ വിശുദ്ധ കച്ചവടത്തിൽ അദ്ദേഹവും ആരുടെയും പിന്നിൽ ആകുമായിരുന്നില്ല. പക്ഷേ ഇപ്പോൾ അദ്ദേഹം അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും ജോലിയിൽ വ്യാപൃതനായിരുന്നു.

ഇസ്ലാമിക ചരിത്രത്തിൽ ഈ ബയ്അത്ത്, ബയ്അത്ത് റിള്വാൻ എന്ന് അറിയപ്പെടുന്നു. അതായത് മുസ്ലിംകൾ അല്ലാഹുവിന്റെ സമ്പൂർണ്ണ അനുസരണത്തിനുള്ള സമ്മാ

നം കരസ്ഥമാക്കിയ ബയ്അത്ത്. വിശുദ്ധ ഖുർആനും പ്രത്യേകമായി ഈ ബയ്അത്തിനെ പറ്റി പരാമർശിച്ചിട്ടുണ്ട്. പറയുന്നു:

لَقَدۡ رَضِیَ اللّٰہُ عَنِ الۡمُؤۡمِنِیۡنَ اِذۡ یُبَایِعُوۡنَکَ تَحۡتَ الشَّجَرَۃِ فَعَلِمَ مَا فِیۡ قُلُوۡبِہِمۡ فَاَنۡزَلَ السَّکِیۡنَۃَ عَلَیۡہِمۡ وَ اَثَابَہُمۡ فَتۡحًا قَرِیۡبًا ﴿۱۹﴾

ആ വൃക്ഷച്ചുവട്ടിൽ വച്ച് സത്യവിശ്വാസികൾ നിന്നോട് അനുസരണ പ്രതിജ്ഞ ചെയ്യുകയായിരുന്നപ്പോൾ അല്ലാഹു അവരെ കുറിച്ച് പൂർണ്ണമായും തൃപ്തിപ്പെട്ടിരിക്കുന്നു. അല്ലാഹു അവിടെ ഹൃദയങ്ങളിലുള്ളത് അറിഞ്ഞു. അങ്ങനെ അല്ലാഹു അവർക്ക് സമാധാനം ഇറക്കി കൊടുത്തു. അവർക്ക് സമീപസ്ഥമായ ഒരു വിജയം പ്രതിഫലമായി നൽകുകയും ചെയ്തു. (48:19)

ഖുറയ്ശികൾക്ക് ഈ ബയ്അത്തിന്റെ അറിയിപ്പ് ലഭിച്ചപ്പോൾ അവർ ഭയപ്പെട്ടു. അവർ ഉസ്മാനേയും സുഹൃത്തുക്കളേയും സ്വതന്ത്രരാക്കുക മാത്രമല്ല, മറിച്ച് എങ്ങനെയെങ്കിലും മുസ്‌ലിംകളുമായി ഉടമ്പടിയിലെത്താനും നിർദേശം നല്കി. ഈ ഉടമ്പടിയുടെ നിബന്ധനകൾ ഇപ്രകാരമായിരുന്നു; തിരുനബി(സ) ഉം സുഹൃത്തുക്കളും ഈ വർഷം തിരികെ പോകണം. അടുത്തവർഷം മക്കയിൽ വന്ന് ഉംറ നിർവഹിക്കാവുന്നതാണ്. പക്ഷേ ഉംറയിലുള്ള വാളുകളല്ലാതെ മറ്റൊരു ആയുധവും കൂടെ കരുതരുത്. മക്കയിൽ മൂന്ന് ദിവസത്തിലധികം തങ്ങാനും പാടില്ല.

മക്കയിൽ നിന്ന് ആരെങ്കിലും മദീനയിൽ വരികയാണെങ്കിൽ അയാൾ മുസ്‌ലിമാണെങ്കിൽ പോലും അയാൾക്ക് മദീനയിൽ അഭയം കൊടുക്കരുത്. തിരിച്ചയക്കണം. എന്നാൽ ഏതെങ്കിലും മുസ്‌ലിം മദീന ഒഴിവാക്കി മക്കയിൽ വരികയാണെങ്കിൽ അയാളെ തിരിച്ചയക്കുന്നതല്ല. മറ്റൊരു നിവേദനത്തിൽ പറയുന്നു: മക്കയിൽ നിന്ന് ആരെങ്കിലും തന്റെ വലി (രക്ഷകർത്താവ്)ന്റെ അനുമതിയില്ലാതെ മദീനയിൽ വന്നാൽ അയാളെ തിരിച്ചയക്കേണ്ടതാണ്. മക്കാ ഗോത്രക്കാരിൽ ഏതു ഗോത്രത്തിനും മുസ്‌ലിംകളുടേയോ മക്കക്കാരുടേയോ സൗഹൃദത്തിൽ വരാവുന്നതാണ്. ഈ ഉടമ്പടി ഇപ്പോൾ 10 വർഷത്തേക്ക് ആയിരിക്കും. ഈ കാലയളവിൽ ഖുറയ്ശികൾക്കും മുസ്‌ലിംകൾക്കുമിടയിൽ യുദ്ധം ഉണ്ടാകു ന്നതല്ല.

ഹുസൂർ തിരുമനസ്സ് പറയുന്നു:ഹദ്റത്ത് ഉസ്മാന്റെ അനുസ് മരണം ഇൻശാ അല്ലാഹ് ഇനിയും തുടരുന്നതാണ്. ദുആക ൾക്ക് വേണ്ടി ഞാൻ ഇപ്പോഴും ശ്രദ്ധ ക്ഷണിക്കുകയാണ്. പാകിസ്ഥാനിലെ അവസ്ഥകൾക്ക് വേണ്ടി പ്രത്യേകം ദു:ആ ചെയ്യുക. ഇപ്പോൾ നാലു ചുമരുകൾക്ക് ഉള്ളിലും അവിടെ സുരക്ഷിതത്വമില്ല. തങ്ങളുടെ ഇടങ്ങളിലും സുരക്ഷിതത്വമില്ല. മൗലവി പറയുന്നിടത്തെല്ലാം പോലീസ് എത്തുന്നു. ചില നല്ല പോലീസുകാരുമുണ്ട്. അവർ പറയുന്നു: ഞങ്ങൾക്ക് നിങ്ങളോട് സഹതാപമുണ്ട്. നിങ്ങളോടൊപ്പവുമാണ്. പക്ഷേ ഞങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും. ഞങ്ങൾക്ക് നല്ല സമ്മർദ്ദമുണ്ട്. ഓഫീസർമാർ പറയുന്നത് ഞങ്ങൾക്ക് ചെയ്യേണ്ടി വരികയാണ്. അല്ലാഹു ഇത്തരം ദുഷ്കൃതം ഉള്ള ഓഫീസർമാരിൽ നിന്ന് നമ്മളെയും രാഷ്ട്രത്തെയും രക്ഷിക്കുമാറാകട്ടെ. ഓരോ അഹ്മദിക്കും സ്വതന്ത്രമായി സംരക്ഷണത്തോടെ തങ്ങളുടെ നാട്ടിൽ വസിക്കാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ. പ്രത്യേകമായി ദുആ ചെയ്തു കൊണ്ടിരിക്കുക. ഈ ദുആകൾ തുടർന്നു കൊണ്ടിരുന്നാൽ ഇൻശാ അല്ലാഹ് എതിരാളികളുടെ പര്യവസാനം വളരെ ഭയാനകമാകുന്നത് നമുക്ക് കാണാം. അല്ലാഹു നമുക്ക് ദുആ ചെയ്യാൻ തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹു അവ സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ.

اَلۡحَمۡدُ لِلّٰہِ نَحۡمَدُہٗ وَ نَسۡتَعِیۡنُہٗ وَ نَسۡتَغۡفِرُہٗ وَنُؤۡمِنُ بِہٖ وَ نَتَوَکَّلُ عَلَیۡہِ وَنَعُوۡذُ بِاللّٰہِ مِنۡ شُرُوۡرِ اَنۡفُسِنَا وَ مِنۡ سَیِّئَاتِ اَعۡمَالِنَا مَنۡ یَّھۡدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنۡ یُّضۡلِلۡہُ فَلَا ھَادِیَ لَہٗ ۔ وَنَشۡھَدُ اَنۡ لَّا اِلٰہَ اِلَّا اللّٰہُ وَنَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاۡمُرُ بِالۡعَدۡلِ وَ الۡاِحۡسَانِ وَ اِیۡتَآءِ ذِی الۡقُرۡبٰی وَ یَنۡھٰی عَنِ الۡفَحۡشَآءِ وَ الۡمُنۡکَرِ وَ الۡبَغۡیِ یَعِظُکُمۡ لَعَلَّکُمۡ تَذَکَّرُوۡنَ اُذۡکُرُوا اللّٰہَ یَذۡکُرۡکُمۡ وَ ادۡعُوۡہُ یَسۡتَجِبۡ لَکُمۡ وَلَذِکۡرُ اللّٰہِ اَکۡبَرُ ۔

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 22.01.2021
Malayalam Translation: **H.Shamsuddin, Kavassery** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516